പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6439 08.07.2014-ൽ മറുപടിക്ക്

കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലെ ഷെഡ്യൂളുകൾ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ ആകെ എത്ര ഷെഡ്യൂളുകളാണുള്ളത് ; | (എ) | കാസർഗോഡ് ഡിപ്പോയിൽ 94 ഷെഡ്യൂളുകളും, കാഞ്ഞങ്ങാട് ഡിപ്പോയിൽ 58 ഷെഡ്യൂളുകളും നടത്തുന്നതിന് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | ഇവയിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തുന്നത് ; | (ബി) | കാസർഗോഡ് ഡിപ്പോയിൽ നിന്നും ശരാശരി 71 ഷെഡ്യൂളുകളും കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും ശരാശരി 50 ഷെഡ്യൂളുകളുമാണ് നടത്തി വരുന്നത്. |
| (സി) | ഷെഡ്യൂളുകൾ നിർത്തിവെയ്ക്കാനുണ്ടായ കാരണം വിശദമാക്കാമോ ; | (സി) | ബസ്സിന്റെയും സ്പെയർ പാർട്സുകളുടെയും പ്രത്യേകിച്ച് ടയറിന്റെയും, പുറമെ ജീവനക്കാരുടെയും കുറവ് കാരണമാണ് സർവ്വീസുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാത്തത്. |
| (ഡി) | ഇങ്ങനെ സർവ്വീസ് നിർത്തുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | വിദ്യാർത്ഥികളുടെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടതിനാൽ അവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ട്രിപ്പുകൾ ക്രമീകരിച്ച് പരമാവധി സർവ്വീസുകൾ സ്ക്കൂൾ / കോളേജ് സമയങ്ങളിൽ നടത്തി വരുന്നുണ്ട്. |
| (ഇ) | ടയർ ക്ഷാമം പരിഹരിച്ച് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ നിന്നുള്ള എല്ലാ ഷെഡ്യൂളുകളും സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | ടയർ നിർമ്മാതാക്കൾക്ക് നൽകുവാനുള്ള കുടിശിക നൽകി തുടങ്ങിയതിനാൽ ടയർ വിതരണം പുനരാരംഭിച്ചിട്ടുണ്ട്. ആയതിനാൽ ടയർ ക്ഷാമം പരിഹരിച്ച് ഷെഡ്യൂളുകൾ സാധാരണ നിലയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ